# ചെങ്കൽപ്പാറയിൽ ജൈവകൃഷി

■ തോമസ് ബന്തടുക്ക

ചെങ്കൽപ്പാറകളിലും ചണകളിലുമായി നൂതന കൃഷിമാർഗങ്ങൾ അവലംബിക്കുകയാണ് പദ്മനാഭൻ എന്ന പപ്പൻ. ജൈവസാങ്കേതികവിദ്യയിൽ അധിഷ്ഠിതമാണ് ഈ ഗ്രാമീണന്റെ കൃഷി പാഠങ്ങൾ.

മുന്നാട് ഗ്രാമത്തിലെ കുണ്ടൻപാറയിലാണ് പപ്പൻ താമസിക്കുന്നത്. ഇദ്ദേഹത്തിന്റെ വീട്ടുവളപ്പിൽ പച്ചക്കറി സമൃദ്ധമായി വിളയുന്നു. ചെങ്കൽ പ്രദേശത്ത് കുഴൽക്കിണറിൽനിന്നുള്ള ജലത്തിന്റെ സഹായത്താൽ പയർ, പാ വൽ, വെണ്ട, കാബേജ്, കോളിഫ്ലവർ, വഴുതിന, മുളക്, ചീര തുടങ്ങി നിരവധി പച്ചക്കറികൾ പാറപ്പുറത്ത് നന്നായി വളരുന്നു.

പപ്പന്റെ റബ്ബർതോട്ടത്തിൽ നോക്കിയാലും ജൈവവളപ്രയോഗത്തിലൂടെ കരുത്തറിയിക്കുന്ന മരങ്ങൾ കാണാം. കവുങ്ങ്, തെങ്ങ്, കുരുമുളക് എന്നിവയ്ക്കെല്ലാം രാസവളത്തിന്റെ സ്ഥാനം പുറത്താണ്.

രാസവസ്തുക്കൾ ഒന്നും ഇടാതെ ജൈവവളങ്ങൾ ചേർത്തുണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് പ്രാദേശികമായി നല്ല ഡിമാൻഡാണ്. വിലയും കൂടുതൽ ലഭിക്കും. കാബേജ്, കോളിഫ്ലവർ, പയർ, പാവയ്ക്ക, വെണ്ട തുടങ്ങിയവയ്ക്ക് ആവശ്യക്കാർ ഏറെയാണ്. ആളുകളുടെ ആവശ്യത്തിനനുസരിച്ച് നല്കാൻ കഴിയുന്നില്ല എന്ന വിഷമം മാത്രമേയുള്ളൂ. വീടിന്റെ ചുറ്റുപാടുമായി പപ്പായകൃഷിയുമുണ്ട്. കൂടാതെ വിവിധതരം മാവ്, കശുമാവ് എന്നിവയിലും നല്ല വിളവ് ലഭിക്കുന്നുണ്ട്.

പച്ചക്കറിയായാലും മറ്റ് പഴവർഗങ്ങളോ ഇതര കാർഷിക വിളകളോ ഏതുമായിരുന്നാലും വിളകൾക്ക് നാശമാകുന്ന കിടങ്ങളെ കൈകാര്യം ചെയ്യാൻ കഴിഞ്ഞാൽ നല്ല വിളവ് ലഭിക്കുമെന്ന് അനുഭവത്തിൽനിന്ന് പപ്പൻ പറയുന്നു. കീടങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ഫിറമോൺ ട്രാപ്പ് ഒരുക്കി കീടശല്യത്തിൽനിന്ന് വിളസംരക്ഷണം നേടാമെന്നതാണ് പപ്പന്റെ അനുഭവം. ഇക്കാര്യത്തിൽ പപ്പനെ സഹായിക്കാൻ സി.പി.സി.ആർ.ഐ. ഉദ്യോഗസ്ഥരുമുണ്ട്.

ഈച്ചക്കെണി ഉപയോഗിച്ച് സസ്യങ്ങളുടെ കായും ഫലങ്ങളും ഫലപ്രദമായി സംരക്ഷിക്കുന്ന ശാസ്ത്രീയ മാർഗമാണിത്. വളർച്ച ആരംഭിക്കുന്ന കായും മൂപ്പെത്തി ഫലമായിത്തീരുന്നവയും ശത്രുകീടങ്ങളുടെ ആക്രമണത്തിൽനിന്ന് സംരക്ഷിക്കുന്നു. ഇതിനായി വൈദ്യുതി ചാർജ്ചെയ്യുന്ന ബാറ്ററിയും സോളാർ ബാറ്ററിയും ഉപയോഗിക്കുന്നു. ഈച്ചകൾക്ക് കെണിയിൽ എത്തിപ്പെട്ടാൽ തിരിച്ചുകയറുക പ്രയാസകരമാണ്. കെണിയിൽ ഈച്ചകൾ ചത്തുവീഴും.

പപ്പന്റെ കൃഷിയിടത്തിൽ കായ്കളും ഫലങ്ങളും പൂർണവളർച്ചനേടുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തി ഒട്ടുമില്ല. ചെങ്കൽപ്പാറയിലും കുഴികളിലും പച്ചക്കറികൾ സമൃദ്ധമായി വളരുന്നു.

മണ്ണും സൂര്യപ്രകാശവും ജലവും വായുവും ശരിയായ വിധത്തിലുള്ള വളപ്രയോഗവുമാണ് കുണ്ടൻപാറയിലെ കൃഷിയിടങ്ങളിൽ പപ്പനെ വ്യത്യസ്തനാക്കുന്നത്.

പശുവിന്റെ മൂത്രവും ചാണകവും ആടിന്റെ വളവും കൃഷിസ്ഥലത്ത് വേണ്ടവിധത്തിൽ ഉപയോഗിക്കുന്നു. കാലിത്തൊഴുത്തിൽ പശുവിന് കിടക്കാൻ മരപ്പൊടി വിരിക്കുന്നു. ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ ഗോമൂത്രത്തിൽ മരപ്പൊടി പൂർണമായും നനഞ്ഞിട്ടുണ്ടാകും. ഒപ്പം ചാണകവും കൂടിച്ചേരുമ്പോൾ നല്ലൊരു ജൈവവളം രൂപംകൊള്ളുന്നു. മരപ്പൊടി നനഞ്ഞ് അധികമായി ഒഴുകിവരുന്ന ഗോമൂത്രം ബാരലുകളിൽ ശേഖരിക്കുന്നു. വളവും മൂത്രവും ആവശ്യാനുസൃതം ചെടികൾക്ക് നല്കുമ്പോൾ നല്ല ഫലങ്ങളും ഉണ്ടാകുന്നു.

പച്ചക്കറികൾ നേരിട്ട് വിപണനം നടത്തുകയാണ് പപ്പന്റെ തന്ത്രം. ഇടനിലക്കാരന് ലാഭം കൊയ്യാൻ അവസരം നല്കാതെ ആവശ്യക്കാരന് ന്യായവിലയ്ക്ക് പച്ചക്കറികൾ വില്ക്കാം. കർഷകനും ഉപഭോക്താവിനും ഇതിന്റെ മെച്ചം ലഭിക്കുന്നു.

കുരുമുളകുകൃഷിയിലാണ് മറ്റൊരു മുന്നേറ്റം. ഗ്രാഫ്റ്റുചെയ്ത കുരുമുളക് വള്ളികൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വെള്ളം കെട്ടിനില്ക്കുന്ന പ്രദേശങ്ങളിലും നട്ടുപിടിപ്പിക്കാം എന്നതിനാൽ ഇതിന്റെ ഗുണം ഏറെയാണ്. പന്ത്രണ്ട് ഇനത്തിൽപ്പെടുന്ന വാഴകൾ പപ്പന്റെ കൃഷിയിടത്തിലുണ്ട്. എല്ലാം കാത്ത് പരിചരിക്കാൻ പപ്പനോടൊപ്പം എം.എ., ബി.എഡുകാരിയായ സുനിത ടീച്ചറും കൂടിച്ചേരുമ്പോൾ കുണ്ടൻപാറയിലെ കൃഷിയിടം നൂതനപാഠങ്ങൾ പ്രദാനം ചെയ്യുന്നു ■



പപ്പനും ഭാര്യ സുനിതയും വാഴത്തോട്ടത്തിൽ